**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2872** **18-03-2022 - ൽ മറുപടിയ്ക്ക്**

**മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായുള്ള -നൂറ് ദിന കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **null**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ നൂറ് ദിന കർമ്മപദ്ധതിയുടെ ഭാഗമായി മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായി (ഒ.ബി.സി) വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടി ഓട്ടോമൊബൈൽ മേഖലയിൽ പരിശീലനവും തൊഴിലും നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. 1000 പേർക്ക് വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ നൽകുന്നതിനുള്ള പദ്ധതിയാണിത്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികൾ ഉപയോഗിച്ചുകൊണ്ട് മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വിവിധ മേഖലകളിലായി 4600 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ വിവിധ പദ്ധതികളിലൂടെ (പ്രവാസികൾക്കുള്ള റി -ടേൺ വായ്പ, വനിതകൾക്കുള്ള മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി, പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട് അപ് വായ്പാ പദ്ധതി, മറ്റ് സ്വയംതൊഴിൽ വായ്പാ പദ്ധതികൾ) 5399 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കായി താഴെ പറയുന്ന വായ്പാ പദ്ധതികൾക്ക് രൂപം നൽകിയിരുന്നു. 1. കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി 2. കളിമൺ ഉൽപ്പന്ന വിപണന വായ്പാ പദ്ധതി |
| (ബി) | ഓരോ പദ്ധതിയും എത്രത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നതിന്റെ വിശദാംശങ്ങൾ പദ്ധതി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | എറണാകുളം, പാലക്കാട് മേഖലാ കാര്യാലയങ്ങളുടെ പരിധിയിൽ വരുന്ന 4 ജില്ലകളിലെ 5 പരിശീലന കേന്ദ്രങ്ങളിലായി 2021 നവംബർ മാസത്തിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികൾ പൂർണ്ണമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കായി നടപ്പിലാക്കിയ പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല . |
| (സി) | ഇതിൻപ്രകാരം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ എത്രത്തോളം ലക്ഷ്യം കണ്ടുവെന്ന വ്യക്തമാക്കാമോ? | (സി) | 1000 പേർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ടതിൽ 398 പേർക്ക് നിലവിൽ പരിശീലനം നൽകി വരുന്നു. 2022 മെയ് മാസത്തോടെ ഇവർക്ക് വിവിധ സ്ഥാപനങ്ങളിൽ സ്ഥിരം തൊഴിൽ ലഭ്യമാകുന്നതാണ്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ പൂർണ്ണമായി ലക്ഷ്യം കണ്ടിട്ടുണ്ട്. തുടർന്ന് വരുന്ന ദിവസങ്ങളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കായി നടപ്പിലാക്കിയ വായ്പ്പ പദ്ധതികൾ പത്ത് ശതമാനത്തിന് താഴെ മാത്രമേ നിർവ്വഹണം നടത്താൻ സാധിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ